പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3139 | 23.03.2015 ലെ മറുപടിയ്ക്ക്

**നീറ്റുകക്ക സബ്സിഡി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. തോമസ് ചാണ്ടി | | ശ്രീ. കെ.പി. മോഹനൻ (കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) | |
| (എ) | നെൽകർഷകർ നീറ്റുകക്ക വാങ്ങാത്തതുമൂലം കുട്ടനാട്ടിലെ കൃഷിഭവനുകളിൽ നീറ്റുകക്കയ്ക്കുള്ള സബ്സിഡി തുക കെട്ടികിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത തുക എത്രയെന്ന് വിശദമാക്കുമോ ; | (ബി) | നീറ്റുകക്ക വാങ്ങുന്നതിന് ഹെക്ടറിന് 3000/- രൂപ നിരക്കിൽ 15,000 ഹെക്ടറിന് 450 ലക്ഷം രൂപ ആലപ്പുഴ ജില്ലയ്ക്ക് അനുവദിച്ചിരുന്നു. ടി തുകയിൽ 245 ലക്ഷം രൂപ ചിലവാകാതെ സറണ്ടർ ചെയ്യുകയുണ്ടായി. |
| (സി) | നീറ്റുകക്ക വാങ്ങുന്നതിന് സാമ്പത്തികമില്ലാത്ത കർഷകർക്ക് ഏക്കറിന് 600 ( അറുന്നൂറ് )രൂപയുടെ സബ്സിഡി തുകയുള്ള നീറ്റുകക്ക ഉപാധികളില്ലാതെ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ? | (സി) | സോയിൽ അമിലിയോറൻസ് ഇൻ സെലക്റ്റഡ് ഡിസ്ട്രിക്റ്റ് 2014-15 പദ്ധതി അനുസരിച്ച് ഏറ്റവും കുറഞ്ഞത് 240 കിലോഗ്രാം നീറ്റുകക്ക ഒരു ഏക്കറിന് ചേർക്കേണ്ടതാണ്. 600 രൂപയുടെ സബ്സിഡി തുകയുള്ള നീറ്റുകക്ക ശുപാർശ പ്രകാരമുള്ള അളവിൽ നിന്നും വളരെ കുറവായതിനാൽ ആയത് ഉപാധികളില്ലാതെ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കാൻ പ്രയാസമാണ്. |

**സെക്ഷൻ ഓഫീസർ**